**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3777** **02-03-2023 - ൽ മറുപടിയ്ക്ക്**

**ആയൂരിൽ റെയിൽവേ റിസർവേഷൻ സെന്റർ പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ ആയൂരിൽ റെയിൽവേ റിസർവേഷൻ സെന്റർ കോവിഡ് കാലത്തിന് ശേഷം പ്രവർത്തനം നിലച്ച അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആയൂർ റെയിൽവേ സ്റ്റേഷനിലെ നോൺ-റെയിൽഹെഡ് പാസഞ്ചർ റിസർവേഷൻ സംവിധാനം 1000 പിആർഎസ് സ്കീമിന് കീഴിൽ ഉള്ളതും ആയതിന്റെ നടത്തിപ്പ് ആയൂർ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലും ആയിരുന്നു. കോവിഡ് വ്യാപന കാലത്ത് നിർത്തലാക്കിയ ഈ സംവിധാനം വീണ്ടും ആരംഭിക്കാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടിയൊന്നും ഉണ്ടായിട്ടില്ല. ഇത് തുറന്നു പ്രവത്തിക്കാൻ പഞ്ചായത്ത് താൽപര്യപ്പെടുന്ന പക്ഷം ആവശ്യമായ കണക്റ്റിവിറ്റി നൽകുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രദേശത്തെ ആളുകളുടെ ആശ്രയമായിരുന്ന പ്രസ്തുത റെയിൽവേ റിസർവേഷൻ സെന്റർ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള ഇടപെടൽ നടത്തുമോ; വിശദമാക്കാമോ; | (ബി) | ആയൂർ റെയിൽവേ സ്റ്റേഷനിലെ നോൺ-റെയിൽഹെഡ് പാസഞ്ചർ റിസർവേഷൻ സംവിധാനം 1000 പിആർഎസ് സ്കീമിന് കീഴിൽ ഉള്ളതും ആയതിന്റെ നടത്തിപ്പ് ആയൂർ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലും ആയിരുന്നു. കോവിഡ് വ്യാപന കാലത്ത് നിർത്തലാക്കിയ ഈ സംവിധാനം വീണ്ടും ആരംഭിക്കാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടിയൊന്നും ഉണ്ടായിട്ടില്ല. ഇത് തുറന്നു പ്രവത്തിക്കാൻ പഞ്ചായത്ത് താൽപര്യപ്പെടുന്ന പക്ഷം ആവശ്യമായ കണക്റ്റിവിറ്റി നൽകുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ ഇവിടെ സർവീസ് നടത്തുന്ന ചെന്നൈ-എഗ്മോർ-കൊല്ലം എക്സ്പ്രസിൽ നിലവിലുള്ള സ്ലീപ്പർ കോച്ചുകളുടെ എണ്ണം പതിനാലിൽ നിന്നും ഇരുപത് ആയി ഉയർത്തുന്നതിന് മധുര റെയിൽവേ ഡിവിഷനിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കാമോ? | (സി) | കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി, റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഇതിൽ, നിലവിലുള്ള ട്രെയിനുകളിൽ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ